സ്റ്റാഫിനും സർക്കാർ ശമ്പള ഘടനയുമായി ബന്ധപ്പെടുത്തി കോർപ്പറേഷന്റേതായ പ്രത്യേക സേവന വേതന കരാറുകളാണ് ബാധകമാക്കിയിട്ടുള്ളത്.

(സി) പ്ളാന്റേഷൻ കോർപ്പറേഷനിൽ തൊഴിലാളികളുടെയും ഓഫീസർ സ്റ്റാഫ് വിഭാഗത്തിൽപ്പെടുന്നവരുടെയും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ചുള്ളതായ നിയമങ്ങൾ വ്യത്യസ്ഥങ്ങളായതിനാൽ നിലവിലുള്ള നിയമങ്ങളനുസരിച്ച് കോർപ്പറേഷനിലെ എല്ലാ ജീവനക്കാരെയും ഒരേ തൊഴിൽ കരാറിന്റെ കീഴിൽ കൊണ്ടുവരാൻ നിർവ്വാഹമില്ല.

(ഡി) നിവേദനം പരിശോധിക്കുന്നതാണ്.

127 (1179) പറയത്തുകോണം ചിറ സംബന്ധിച്ച പരാതി

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറയത്തുകോണം ചിറ നിർമ്മിച്ച് ഉത്ഘാടനം കഴിഞ്ഞ ഉടനെ ഇടിഞ്ഞുവീണത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടോ;

(സി) എങ്കിൽ എന്നാണ് അന്വേഷണം ആരംഭിച്ചത്;

(ഡി) അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ഇ) എങ്കിൽ കുറ്റക്കാർ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇവർക്ക് എതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിജിലൻസ് അന്വേഷണം നടത്തി വരുന്നു.

(സി) 9.6.98 ലാണ് അന്വേഷണം ആരംഭിച്ചത്.

(ഡി) ഇല്ല.

(ഇ) അന്വേഷണം പൂർത്തിയായതിനുശേഷമേ കുറ്റക്കാർ ആരൊക്കെയെന്ന് വ്യക്തമാകുകയുള്ളൂ.

(എഫ്) ഉദിക്കുന്നില്ല.

128 (1180) ഓണാട്ടുകര കാർഷിക വികസന ഏജൻസി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണാട്ടുകര കാർഷിക വികസന ഏജൻസി അതിനുകീഴിലുള്ള ഓരോ മണ്ഡലത്തിലും നടത്തിയ കാർഷിക വികസന പദ്ധതികൾ ഏതെല്ലാം; അവ ഓരോന്നിനും വേണ്ടി ചെലവഴിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) 2000-2001-ാം ആണ്ടിലെ ഓണാട്ടുകര വികസന ഏജൻസിയുടെ കാർഷിക വികസന പദ്ധതി തയ്യാറാക്കി കഴിഞ്ഞോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 2000-2001-ാം ആണ്ടിലെ ഓണാട്ടുകര വികസന ഏജൻസിയുടെ കാർഷിക വികസന പദ്ധതി തയ്യാറാക്കി കഴിഞ്ഞില്ല.

129 (1181) ഓണാട്ടുകര വികസന ഏജൻസിക്ക് നബാർഡിന്റെ ധനസഹായം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണാട്ടുകര വികസന ഏജൻസിക്ക് നബാർഡിന്റെ ധനസഹായം ലഭ്യമാക്കുമെന്നത് സ്ഥിരീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദ വിവരങ്ങൾ നൽകുമോ;

(സി) നബാർഡിന്റെ നെൽകൃഷി വികസന പദ്ധതി ഓണാട്ടുകരയുടെ പ്രധാന പാടശേഖരങ്ങളായ ഉള്ളിട്ടപുഞ്ച, ചെന്നിത്തല പുഞ്ച, വള്ളികുന്നം പുഞ്ച, തഴക്കര പുഞ്ച, തഴവാ, തൊടിയൂർ പുഞ്ചകൾ തുടങ്ങിയ പാടശേഖരങ്ങളിലൊന്നും ആരംഭിക്കാതെ കുട്ടനാടൻ കാർഷിക വികസന മേഖലയുടെ സമീപത്തുനിന്നും ആരംഭിക്കാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഓണാട്ടുകര വികസന ഏജൻസിയും കൃഷി വകുപ്പും ഇതിന് അനുമതി നൽകിയിട്ടുണ്ടോ;

(ഇ) ഓണാട്ടുകര വികസന ഏജൻസിയുടെ കീഴിൽ കുട്ടനാടൻ പുഞ്ചകളിൽ നബാർഡ് പദ്ധതി നടപ്പിലാക്കാനുള്ള നീക്കത്തെപ്പറ്റി പരിശോധിക്കുമോ;

(എഫ്) കായംകുളം, മാവേലിക്കര, ഹരിപ്പാട് മണ്ഡലങ്ങളിൽ വ്യാപിച്ച് കിടക്കുന്ന ഓണാട്ടുകരയിലെ ഏറ്റവും വലിയ പുഞ്ചയായ ഉള്ളിട്ട പുഞ്ചയിൽ ഓണാട്ടുകര ഏജൻസിക്ക് കീഴിലുള്ള നബാർഡിന്റെ നെൽകൃഷിവികസന പദ്ധതി നടപ്പിലാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)&(ബി) കേരള ഭൂവികസന കോർപ്പറേഷൻ തയ്യാറാക്കിയ ഓണാട്ടുകര വികസന ഏജൻസിയുടെ പ്രോജക്ട് റിപ്പോർട്ട് നബാർഡിന്റെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ ധനസഹായം അനുവദിച്ചു കൊണ്ടുള്ള യാതൊരു അറിയിപ്പും നബാർഡിൽ നിന്നും ലഭിച്ചിട്ടില്ല.

(സി)-(എഫ്) ഓണാട്ടുകര വികസന ഏജൻസിയുടെ പരിധിയിൽ വരുന്ന പാടശേഖരങ്ങളാണ് നബാർഡിനു സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ നെൽകൃഷി വികസന പദ്ധതിയെ സംബന്ധിച്ച് അന്തിമ തീരുമാനം നബാർഡിൽ നിന്നും ലഭിച്ചിട്ടില്ല.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

18. ജാതി : 200 രൂപ ഒരു മരത്തിന്.

19. ഗ്രാമ്പൂ : 150 രൂപ മരം ഒന്നിന്.

20. വെറ്റില : സെന്റൊന്നിന് 250 രൂപ.

21. പയർവർഗ്ഗങ്ങൾ : 0.1 ഹെക്ടറിന് 250 രൂപ (ഹെക്ടറിന് 2500 രൂപ).

22. കിഴങ്ങുവർഗ്ഗങ്ങൾ : എ. ചേന 0.02 ഹെക്ടറിന് 500 രൂപ (ഹെക്ടറൊന്നിന് 25,000 രൂപ).

ബി. മധുരകിഴങ്ങ് : 0.02 ഹെക്ടറിന് 200 രൂപ (ഹെക്ടറൊന്നിന് 10,000 രൂപ).

23. കരിമ്പ് : 0.1 ഹെക്ടറിന് 3,000 രൂപ. (ഹെക്ടറൊന്നിന് 30,000 രൂപ).

24. പുകയില : 0.02 ഹെക്ടറിന് 400 രൂപ (ഹെക്ടറൊന്നിന് 20000 രൂപ).

25. നെല്ല് : ഹെക്ടറിന് 45 ദിവസത്തിനുള്ള വിളകൾക്ക് 3,000 രൂപ. 45 ദിവസത്തിനു ശേഷമുള്ള വിളകൾക്ക് 5,000 രൂപ.

അനുബന്ധം IV

1.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 128 (1180) ദയവായി കാണുക

		പ്രവൃത്തിയുടെ പേര്	ചെലവഴിച്ച തുക
കായംകുളം മണ്ഡലം	1.	മുനിസിപ്പൽ അതിർത്തിയിൽ കാവടി പാലത്തിനടിയിലെ തോടിന്റെ വശങ്ങൾ കെട്ടി പാടശേഖരത്തിലേയ്ക്കുള്ള ഉപ്പു വെള്ളം കയറ്റം തടയുന്ന പ്രവർത്തി	309313/-
മാവേലിക്കര മണ്ഡലം	1.	വള്ളിക്കുന്നം പഞ്ചായത്തിൽ വള്ളിക്കുന്നം പുഞ്ചക്ക് വിഭാജക ബണ്ടു നിർമ്മാണവും ചീപ്പു നിർമ്മാണവും	1029895/-
	2.	ഭരണിക്കാവ് പഞ്ചായത്തിലെ പറത്തൂർ വയലിൽ നിന്നും ജല നിർഗമന ബോട്ടിന്റെ നിർമ്മാണ പ്രവർത്തനം	181776/-
പന്തളം മണ്ഡലം	1.	താമരക്കുളം പഞ്ചായത്തിൽ പുതുച്ചിറ ജലസംഭരണിയുടെ നിർമ്മാണ പ്രവർത്തനം	1085226/-
കരുനാഗപ്പള്ളി മണ്ഡലം	1.	തൊടിയൂർ പഞ്ചായത്തിൽ ആര്യൻ പാടശേഖരതോടിന്റെ നീളവും വീതിയും കൂട്ടുക, ജല നിർഗമനം മെച്ചപ്പെടുത്തുന്നതിന്	691541/-
	2.	ക്ളാപ്പന പഞ്ചായത്തിലെ ആയിരം തെങ്ങു ഭാഗത്തു പാടശേഖരത്തിലെ ഉപ്പു വെള്ളക്കയറ്റം തടയുവാൻ ബണ്ടു നിർമ്മാണം	485377/-

LIBRARY ARCHIVES Kerala Legislative Assembly